**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5627** **24-03-2025 - ൽ മറുപടിയ്ക്ക്**

**ആയുഷ് മേഖലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ ആയുഷ് മേഖലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. വിശദാംശങ്ങൾ **അനുബന്ധം - I** ആയി ചേർക്കുന്നു. |
| (ബി) | ആയുഷ് മേഖലയിലെ കേരളത്തിന്റെ മുന്നേറ്റം നീതി ആയോഗിന്റെ അഭിനന്ദനത്തിന് അർഹമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ ആയുഷ് മേഖലയിലെ മികച്ച പ്രവർത്തനങ്ങൾ സംബന്ധിച്ച് നീതി ആയോഗ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത മേഖലയുടെ വികസനത്തിനായി ഈ സർക്കാർ എത്ര തുക ഇതിനകം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി) | വിശദാംശങ്ങൾ **അനുബന്ധം - II** ആയി ചേർക്കുന്നു. |
| (ഡി) | ഇതിന്റെ ഭാഗമായി ആയുർവേദ-ഹോമിയോ ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ എത്രയാണെന്ന് വ്യക്തമാക്കുമോ; | (ഡി) | ആയുർവേദ-ഹോമിയോ ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഭാരതീയ ചികിത്സാ വകുപ്പിൽ 116 തസ്തികകളും, ഹോമിയോപ്പതി വകുപ്പിൽ 40 തസ്തികകളും, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ 4 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.<br><br>കൂടാതെ നാഷണൽ ആയുഷ് മിഷന്റെ ആയുഷ് സർവ്വീസ് കംപോണന്റ് മുഖേന വിവിധ ആയുഷ് ആശുപത്രികളിലേക്കായി എച്ച്.ആർ. ഇനത്തിൽ 353 മെഡിക്കൽ ഓഫീസർമാരുടെയും (ഐ.എസ്.എം.- 251, ഹോമിയോപ്പതി-102), 688 സപ്പോർട്ടിങ് സ്റ്റാഫിന്റേയും (ഐ.എസ്.എം.-518, ഹോമിയോപ്പതി -170), പബ്ലിക് ഹെൽത്ത് പ്രോജക്റ്റ് ഫ്ലെക്സിപൂൾ പ്രോജക്റ്റ് കംപോണന്റ് മുഖേന 382 മെഡിക്കൽ ഓഫീസർമാരുടെയും 607 സപ്പോർട്ടിങ് സ്റ്റാഫിന്റേയും കരാർ അടിസ്ഥാനത്തിലുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതുകൂടാതെ ഹെൽത്ത് & വെൽനെസ്സ് സെന്ററുകളായി ഉയർത്തിയ 700 ആയുഷ് ഡിസ്പെൻസറികളിൽ യോഗ ഇൻസ്ട്രക്ടർമാരെയും, മൾട്ടി പർപ്പസ് ഹെൽത്ത് |

| | | | |
|---|---|---|---|
| | | | വർക്കർമാരെയും കരാർ അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്.<br><br>ഔഷധി പഞ്ചകർമ്മ ആശുപത്രി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ആയുർവേദ ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആശുപത്രി സൂപ്രണ്ട് തസ്തിക, 8 ആയുർവേദ തെറാപ്പിസ്റ്റ് (പുരുഷൻ) തസ്തികകളും, 8 ആയുർവേദ തെറാപ്പിസ്റ്റ് (സ്ത്രീ) തസ്തികകളും, 4 ആയുർവേദ നേഴ്സ് തസ്തികകളും, ആയുർവേദ ഫാർമസിസ്റ്റ് തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.<br><br>ഹോംകോയിൽ അക്കൗണ്ടന്റ് തസ്തികയും, 2 ഷിഫ്റ്റ് സൂപ്പർവൈസർ തസ്തികകളും താൽക്കാലികമായി സൃഷ്ടിച്ചിട്ടുണ്ട്. |
| (ഇ) | സഹകരണ-ടൂറിസം മേഖലകളിലേയ്ക്ക് ആയുഷ് ചികിത്സാലയങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഇ) | ഔഷധി, കെ.എച്ച്.ആർ.ഡബ്ല്യു.എസ്., നാഷണൽ ആയുഷ് മിഷൻ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ടൂറിസം മേഖലകളിൽ ആയുഷ് ചികിത്സാലയങ്ങൾ ആരംഭിക്കുന്ന പദ്ധതി സർക്കാർ പരിശോധിച്ചു വരുന്നു. |
| (എഫ്) | വർക്കലയിലെ ഗവൺമെന്റ് പ്രകൃതി ചികിത്സാ ആശുപത്രിയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ആസൂത്രണം ചെയ്തുവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ? | (എഫ്) | തിരുവനന്തപുരം ജില്ലയിലെ വർക്കല ഗവൺമെന്റ് പ്രകൃതി ചികിത്സാ ആശുപത്രിയെ മികച്ച നിലവാരത്തിലുള്ള ചികിത്സാ കേന്ദ്രമായി മാറ്റുന്നതിന്റെ ഭാഗമായി ആസൂത്രണം ചെയ്തുവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :<br><br>1. പുതിയ പേ വാർഡ് നിർമ്മാണം - 15 കോടി രൂപ (നാഷണൽ ആയുഷ് മിഷൻ)<br><br>2. നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം - 66.47 ലക്ഷം (നാഷണൽ ആയുഷ് മിഷൻ)<br><br>3. ബഹു. വർക്കല എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും റിസപ്ഷൻ, അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് എന്നിവയുടെ നിർമ്മാണം - 94,77,480/-രൂപ.<br><br>പേ വാർഡിൽ ഒരേ സമയം 50 രോഗികളെ വരെ കിടത്തിചികിത്സിക്കാൻ ആവശ്യമുള്ള എല്ലാ അത്യാധുനിക സംവിധാനങ്ങളോടും കൂടിയ മുറികൾ, വാർഡുകൾ, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേക ചികിത്സാ സംവിധാനം, ലിഫ്റ്റ്, ലൈബ്രറി, വിശാലമായ വാഹനപാർക്കിംഗ് ഏരിയ, രോഗികൾക്ക് പ്രകൃതിഭംഗി ആസ്വദിച്ച് വിശ്രമിക്കാനുള്ള സംവിധാനങ്ങൾ, 100 രോഗികളെ വരെ പരിശീലിപ്പിക്കാനുള്ള ഓപ്പൺ |

| | | | |
|---|---|---|---|
| | | | യോഗഹാൾ, ആശുപത്രിയുടെ മുൻ വശത്തായി വിശാലമായ ലാൻ ഡ്സ്കേപ്പിംഗ് & ഗാർഡനിംഗ്, എന്നിങ്ങനെ നിരവധി ആകർഷകമായ പദ്ധതികൾ ആണ് ആവിഷ്കരിച്ചിരിക്കുന്നത്.<br><br>വർക്കല പ്രകൃതി ചികിത്സാ ആശുപത്രിയിലെ പുതുതായി നിർമ്മിച്ച കെട്ടിടത്തിലെ ഇൻറീരിയർ പ്രവൃത്തികൾക്കായി 2021-22 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. വർക്കല പ്രകൃതി ചികിത്സാ ആശുപത്രിയിലെ നിർമ്മാണ പ്രവർത്തികൾക്കായി 2018-19 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും 400ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

ആയുഷ് വകുപ്പിനു കീഴിലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ (40% സംസ്ഥാന വിഹിതം) നാഷണൽ ആയുഷ് മിഷൻ മുഖേന കേരളത്തിലെ 700 ആയുഷ് ഡിസ്പെൻസറികളെ ഹെൽത്ത് & വെൽനെസ്സ് സെന്ററുകളായി ഉയർത്തുകയും അവയിൽ യോഗ ഇൻസ്ട്രക്ടർമാരുടേയും, മർട്ടിപർപ്പസ് വർക്കർമാരുടേയും സേവനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. നാഷണൽ ആയുഷ് മിഷന്റെ അപ്ഗ്രഡേഷൻ ഓഫ് ആയുഷ് ഹോസ്പിറ്റൽസ് & ഡിസ്പെൻസറീസ് എന്ന സ്കീമിൽ ഉൾപ്പെടുത്തി ആയുഷ് വകുപ്പിനു കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും, ആശുപത്രികളുടേയും, ഡിസ്പെൻസറികളുടേയും നിർമ്മാണ/പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. ആയുഷ് ആശുപത്രികൾക്കും, ഡിസ്പെൻസറികൾക്കും മരുന്നു വാങ്ങുന്നതിനും കണ്ടിജൻസി ഇനത്തിലും നാഷണൽ ആയുഷ് മിഷൻ മുഖേന ഫണ്ട് അനുവദിക്കുന്നത് കൂടാതെ ആയുഷ് ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നാഷണൽ ആയുഷ് മിഷൻ മുഖേന മെഡിക്കൽ ഓഫീസർ, പാരാ മെഡിക്കൽ ജീവനക്കാർ, സപ്പോർട്ടിങ് ജീവനക്കാർ എന്നിവരുടെ സേവനവും നൽകി വരുന്നു. 7 വിഭാഗങ്ങളിലായി ദേശീയ പൊതുജനാരോഗ്യ പരിപാടികളുടെ 192 യൂണിറ്റുകൾക്ക് നാഷണൽ ആയുഷ് മിഷൻ കേരളയ്ക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതും നാഷണൽ ആയുഷ് മിഷന്റെ ഫ്ലെക്സി പൂൾ കംപോണന്റ് മുഖേന 34 പ്രോജക്ടുകൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതുമാണ്. ആയുഷ് ഡിസ്പെൻസറികളിലും ആശുപത്രികളിലും, രോഗനിർണയ സംവിധാനങ്ങൾ കാര്യക്ഷമമാക്കാൻ ലാബിന് ആവശ്യമായ ഉപകരണങ്ങളും, രോഗീപരിശോധനക്ക് സഹായകമായ ഉപകരണങ്ങളും, ഫിസിയോ തെറാപ്പി യൂണിറ്റുകളും നാഷണൽ ആയുഷ് മിഷൻ ലഭ്യമാക്കുന്നുണ്ട്. ആയുഷ് മേഖലയിൽ പുതിയ ആശുപത്രികൾ സ്ഥാപിക്കുന്നതിനായി നാഷണൽ ആയുഷ് മിഷന്റെ സ്കീം പ്രകാരം 10 പുതിയ ഇന്റഗ്രേറ്റഡ് ആശുപത്രികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദേശീയ തലത്തിൽ തന്നെ ആദ്യമായി ആയുർവേദ മേഖലയിൽ ആയുർവേദവും ആധുനിക ജൈവ സാങ്കേതിക വിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്ക് വേണ്ടി അന്തർദേശീയ നിലവാരത്തിലുള്ള പഠന-ഗവേഷണകേന്ദ്രവും, ലബോറട്ടറിയും കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ

കല്യാടിൽ സ്ഥാപിക്കുന്ന പദ്ധതിയുടെ ആദ്യഘട്ടമായ ആയുർവേദ ഗവേഷണ ആശുപത്രി (100 കിടക്കകളോട് കൂടിയത്), മാനുസ്ക്രിപ്റ്റ് സ്റ്റഡി സെന്റർ, മെഡിസിനൽ പ്ലാന്റ് നഴ്സറി എന്നിവയുടെ നിർമ്മാണം KIIFB ഫണ്ട് വിനിയോഗിച്ച് നടന്നുവരുന്നു. ഒന്നാം ഘട്ടത്തിന്റെ പ്രവൃത്തി 2025 ആദ്യ പകുതിയിൽ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. ഇടുക്കി ജില്ലയിൽ ഉടുമ്പൻചോലയിൽ പുതിയ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും ഇതിനായി 20.82 ഏക്കർ സ്ഥലം കണ്ടെത്തി ആയുർവേദ മെഡിക്കൽ വിദ്യാഭ്യസ വകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്. ഇടുക്കി പാക്കേജിൽ പ്രസ്തുത പ്രവൃത്തിക്കായി 10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി കണ്ണൂർ സർക്കാർ ആയുർവേദ കോളേജ് ആശുപത്രിയിൽ പുതിയ പേ വാർഡ് ബ്ലോക്ക് നിർമ്മിച്ചിട്ടുണ്ട്. തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജിൽ ഹൗസ് സർജൻസ് ഹോസ്റ്റലും, ഡിജിറ്റൽ ഇവാല്യൂവേഷൻ ഹാളും നിർമ്മിച്ചു. തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ പുതിയ ലേഡീസ് ഹോസ്റ്റലും, പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിൽ യോഗ ഹാൾ & റെസ്റ്റ്ഹൗസും സ്ഥാപിച്ചു.

ആയുഷ് വകുപ്പിനു കീഴിൽ ആയുർവേദ മേഖലയിൽ ഭാരതീയ ചികിത്സാ വകുപ്പിന്റെ 130 ആശുപത്രികളും, 818 ഡിസ്പെൻസറികളും, 64 സബ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്ഥാപനങ്ങൾ വഴി ആയുർവേദ, സിദ്ധ, യുനാനി, പ്രകൃതി ചികിത്സ അടക്കമുള്ള ചികിത്സാ സമ്പ്രദായങ്ങൾ വഴി പൊതുജനങ്ങൾക്ക് സൗജന്യ ചികിത്സയും, ഔഷധങ്ങളും ലഭ്യമാക്കി വരുന്നു. പ്ലാൻ ഫണ്ട് വിനിയോഗിച്ചു കൊണ്ട് 16 സ്പെഷ്യാലിറ്റി പ്രൊജക്ടുകളും സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും നടത്തി വരുന്നു. ഈ കാലയളവിൽ വിവിധ ജില്ലകളിലായി 6സബ് സെന്ററുകൾ കൂടി ആരംഭിച്ചു. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഭാരതീയ ചികിത്സാ വകുപ്പ് സ്വസ്ഥ്യം, സുഖായുഷ്യം, അമൃതം, പുനർജ്ജനി എന്നീ പദ്ധതികൾ നടപ്പിലാക്കി. ഈ പദ്ധതികളിലൂടെ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കാനും അതുവഴി കോവിഡ് രോഗബാധ ഒഴിവാക്കുന്നതിനും അഥവാ ബാധിക്കുകയാണെങ്കിൽ വളരെ വേഗം സുഖപ്പെടുന്നതിനും സാധ്യമായിട്ടുണ്ട്. വകുപ്പ് നടപ്പിലാക്കി വന്നിരുന്ന സ്നേഹധാര, ദൃഷ്ടി, ജീവനി, പുനർന്നവ, സ്പോർട്സ് ആയുർവേദ, ക്ഷാരസൂത്ര തുടങ്ങിയ സ്പെഷ്യൽ പ്രൊജക്ടുകൾ കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിച്ചു, ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയിലെ ആളുകൾക്കായി അനവദ്യ പദ്ധതി മലപ്പുറം ജില്ലയിലെ GARIM കോട്ടയ്ക്കലിൽ ആരംഭിച്ചു. വകുപ്പിന്റെ കീഴിലുള്ള

സ്ഥാപനങ്ങളിൽ ജീവിത ശൈലി രോഗങ്ങൾക്കായുള്ള NCD ക്ലിനിക്കുകൾ ആരംഭിച്ചു. ഭാരതീയ ചികിത്സാവകുപ്പ് സ്ഥാപനങ്ങൾക്ക് NABH അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി സ്വീകരിച്ചു വരുന്നു. 86 ആയുഷ് ഹെൽത്ത് & വെൽനെസ്സ് സെന്ററുകൾ NABH നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. രണ്ടാം ഘട്ടമായി 62 ആയുഷ് ഹെൽത്ത് & വെൽനെസ്സ് സെന്ററുകളെ NABH നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മൂന്നാം ഘട്ടമായി 146 ആയുഷ് ഹെൽത്ത് & വെൽനെസ്സ് സെന്ററുകളെ NABH നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആയുർവേദ ആശുപത്രികളെയും NABH നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

ആയുഷ് മേഖലയിൽ ഹോമിയോപ്പതി വകുപ്പിന്റെ സേവനം എല്ലാ പഞ്ചായത്തുകളിലും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാതിരുന്ന 35 പഞ്ചായത്തുകളിലും, 5 മുനിസിപ്പാലിറ്റികളിലും സർക്കാർ ഹോമിയോ ഡിസ്പെസറികളും, ആലുവ മുനിസിപ്പാലിറ്റിയിൽ നാഷണൽ ആയുഷ് മിഷൻ മുഖേന ഒരു ഹോമിയോ ഡിസ്പെൻസറിയും ആരംഭിച്ചു. ജില്ലകളിലെ ഒരോ ഡിസ്പെൻസറിയെ വീതം മോഡൽ ഡിസ്പെൻസറിയായി ഉയർത്തി. നിലവിലുള്ള ലാബുകളും ജില്ലാ മെഡിക്കൽ സ്റ്റോറുകളും ശാക്തീകരിച്ചു. AHIMS 2.0 സംവിധാനത്തിൽ 430 ഹോമിയോപ്പതി സ്ഥാപനങ്ങളിൽ ഒ.പി. ഡിജിറ്റലൈസേഷൻ വഴി പേപ്പർരഹിത ഒ.പി. സംവിധാനം ഒരുക്കുന്നതിന് സാധിച്ചു. ഹോമിയോപ്പതിയുടെ റിസർച്ച് പ്രവർത്തനങ്ങൾക്കായി HEART (Homoeopathy Evidence Based Advanced Research and Training) രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ ഫാർമസി കോളേജ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി 2023 ജനുവരി മുതൽ പ്രവർത്തനമാരംഭിച്ചു. തത്ഫലമായി വിദ്യാർത്ഥികൾക്ക് മികച്ച രീതിയിലുള്ള ക്ലാസ്സുകൾ, ലാബുകൾ, പ്രാക്ടിക്കലുകൾ എന്നിവ നൽകി അക്കാഡമിക് നിലവാരം ഉയർത്തുന്നതിനു സാധിച്ചു. തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ മിനി കോൺഫറൻസ് ഹാൾ നിർമ്മാണം പൂർത്തിയാക്കുകയും, കളിസ്ഥല നിർമ്മാണത്തിനുള്ള പ്രവൃത്തികൾ അന്തിമഘട്ടത്തിലുമാണ്. പേഷ്യന്റ് ഫെസിലിറ്റേഷൻ സെന്ററിന്റെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കേസ് ടേക്കിംഗ് & റെപ്പർട്ടറി വിഭാഗം പി.ജി. (ഹോമിയോ) വിദ്യാർത്ഥികൾക്ക് മികച്ച നിലവാരത്തിലുള്ള ക്ലാസ്സുകൾ, പ്രസന്റേഷനുകൾ

നടത്തുന്നതിനായി സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിച്ചു. തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പദ്ധതി തുക വിനിയോഗിച്ചു കൊണ്ട് പി.സി.ഒ.ഡി. & ഇൻഫെർട്ടിലിറ്റി ക്ലിനിക്, ഓർത്തോപീഡിക്സ് & സ്പോർട്സ് മെഡിസിൻ ക്ലിനിക്, ഓട്ടിസം ക്ലിനിക് എന്നീ സ്പെഷ്യൽ ഒ.പി.കൾ 2021-22 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച് തുടർച്ചയായി നടന്നു വരുകയും, കാൻസർ കെയർ യൂണിറ്റ്, ഫിസിയോ തെറാപ്പി യൂണിറ്റ് എന്നിവ പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. ഹോമിയോപ്പതിയിലെ ഗവേഷണ പ്രവർത്തനങ്ങൾ എന്ന പദ്ധതിയിലുൾപ്പെടുത്തി 2023-24 മുതൽ നടന്നു വരുന്ന വിവിധ റിസർച്ച് പ്രവർത്തനങ്ങളുടെ ഭാഗമായി അംഗൻവാടികൾ, വയോജന കേന്ദ്രങ്ങൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ മെഡിക്കൽ ക്യാമ്പുകളും, അവെയർനസ് പ്രോഗ്രാമുകളും നടത്തി വരുന്നുണ്ട്. കോഴിക്കോട് ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ ലേഡീസ് അമിനിറ്റി സെന്ററിന്റെ മുകളിൽ രണ്ടു നിലകളിലുള്ള ലേഡീസ് ഹോസ്റ്റൽ സ്ഥാപിച്ചു. കൂടാതെ കോളേജിൽ കളിസ്ഥലത്തിന്റേയും ആഡിറ്റോറിയത്തിന്റേയും നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കി. 2022-23 സാമ്പത്തിക വർഷം കിഡ്നി കെയർ പ്രോജക്ട് പ്രവർത്തനമാരംഭിച്ചു. അതോടൊപ്പം ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് & റിസർച്ച് പ്രോഗ്രാം ഇൻ ഹോമിയോപ്പതി(ഐ.എം.ആർ.സി.എച്ച്) പ്രോജക്ട് വളരെയധികം ജനശ്രദ്ധ നേടുകയും പ്രോജക്ട് തുടർച്ചയായി നടന്നു വരുകയും ചെയ്യുന്നു. കോഴിക്കോട് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കോവിഡാനന്തര സ്പെഷ്യൽ ഒ.പി., സ്കിൻ ഒ.പി., പീഡിയാട്രിക് ഒ.പി., ജീവിതശൈലി രോഗങ്ങൾ എന്നിവയിൽ സ്പെഷ്യൽ ഒ.പി.കൾ ആരംഭിച്ചു.

പൊതുമേഖലാ സ്ഥാപനമായ ഔഷധി ഗുണമേന്മയുള്ള ആയുർവേദ മരുന്നുകളും, സിദ്ധമരുന്നുകളും മിതമായ നിരക്കിൽ സർക്കാർ സ്ഥാപനങ്ങൾ മുഖേനയും, പൊതുവിപണി മുഖേനയും ജനങ്ങളിലേക്കെത്തിക്കുന്നു. ആയുർവേദ പഞ്ചകർമ്മ ചികിത്സകളുടെ പ്രചരണാർത്ഥം ഔഷധിയുടെ ഉടമസ്ഥതയിൽ തൃശ്ശൂരിൽ പഞ്ചകർമ്മ ആശുപത്രി ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. 20 കിടക്കകളോടുകൂടി ആരംഭിച്ച ആശുപത്രി നിലവിൽ 50 കിടക്കകളാക്കി വിപുലീകരിച്ചിട്ടുള്ളതും NABH Accreditation ലഭ്യമായിട്ടുള്ളതുമാണ്. നേത്ര, മർമ്മ തുടങ്ങിയ സ്പെഷ്യാലിറ്റി വിഭാഗങ്ങളും ആശുപത്രിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ആയുർവേദ മരുന്നുകളുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃതവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഔഷധസസ്യകൃഷിയും,

ഔഷധസസ്യങ്ങളുടെ പരിപാലനങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളും ഔഷധി നടത്തിവരുന്നുണ്ട്.

ഹോമിയോപ്പതി മേഖലയിലെ ഔഷധ നിർമ്മാണത്തിനുള്ള സഹകരണ സ്ഥാപനമായ 'ഹോംകൊ' പുതിയ ഡിവിഷന്റെ വൈദ്യുതീകരണം, ഇ.റ്റി.പി. പ്രവൃത്തികൾ, മെഷിനറികൾ വാങ്ങൽ, പുതിയതായി പുറത്തിറക്കുന്ന ഉൽപ്പന്നങ്ങളുടെ ട്രേഡ് മാർക്ക് രജിസ്ട്രേഷൻ/ലൈസ്സൻസ്സ് തുടങ്ങിയ പ്രവർത്തികൾ നിർവ്വഹിച്ചു വരുന്നു.

സംസ്ഥാന ഔഷധസസ്യ ബോർഡ് സംസ്ഥാനത്ത് ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകൾ, കർഷകർ, കർഷക സംഘങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവരിലൂടെ നിർമ്മാതാക്കളുമായി മുൻകൂട്ടി തയ്യാറാക്കിയ ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ 900 ൽ പരം ഹെക്ടറിൽ ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുവാൻ കഴിഞ്ഞ 4 വർഷങ്ങളിലായി സാധിച്ചിട്ടുണ്ട്. 800 ൽ പരം കർഷകർ ഇതിന്റെ ഗുണഭോക്താക്കൾ ആണ്. ഇതിലേക്കായി ഒരു കോടി തൊണ്ണൂറ് ലക്ഷം രൂപ ധനസഹായമായി ഇതിനകം നൽകിയിട്ടുണ്ട്. കൂടാതെ ആയുർവേദ ഔഷധ നിർമ്മാതാക്കളുമായി കർഷകർ കൃഷി ചെയ്തുണ്ടാക്കുന്ന ഔഷധസസ്യങ്ങൾ വാങ്ങുന്നതിനായി 35 ഓളം ധാരണാപത്രങ്ങൾ ഒപ്പ് വച്ചിട്ടുണ്ട്. ഔഷധസസ്യ ബോർഡിന്റെ നേതൃത്വത്തിൽ മറ്റത്തൂർ ലേബർ സൊസൈറ്റിയുമായി സഹകരിച്ചു കൊണ്ട് തൃശ്ശൂർ ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലും, ആലപ്പുഴ ജില്ലയിലെ 8 പഞ്ചായത്തുകളിലും, കണ്ണൂർ ജില്ലയിലെ 13 പഞ്ചായത്തുകളിലും ഏകദേശം 150 ഓളം ഏക്കറിൽ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചു കൊണ്ട് 2024-25 സാമ്പത്തിക വർഷം വിപുലമായ രീതിയിൽ കുറുന്തോട്ടി കൃഷി നടപ്പിലാക്കി. കണ്ണൂരിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ മാത്രം ഈ സാമ്പത്തിക വർഷം 80 ഏക്കറിൽ കുറുന്തോട്ടി കൃഷി വിജയകരമായി നടപ്പിലാക്കുകയും, 20ടണ്ണോളം കുറുന്തോട്ടിയും, 350 കിലോ വിത്തും സംഭരിക്കുകയും ചെയ്യുകയുണ്ടായി. ഇതിലൂടെ കുടുംബശ്രീ അംഗങ്ങൾക്കും കർഷകർക്കുമായി ഏകദേശം 22 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഗുണമേന്മയുള്ള ഔഷധസസ്യങ്ങളുടെ തൈകൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് 5 മോഡൽ നേഴ്സറികളും, 6 ചെറുകിട നേഴ്സറികളും ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം - II**

| **വകുപ്പ് / സ്ഥാപനം** | **അനുവദിച്ച ഫണ്ട്** |
|---|---|
| നാഷണൽ ആയുഷ് മിഷൻ | 131.87കോടി രൂപ (സംസ്ഥാന വിഹിതം) |
| ഭാരതീയ ചികിത്സാ വകുപ്പ് | 333.9286 കോടി |
| ഹോമിയോപ്പതി വകുപ്പ് | 97.79 കോടി |
| ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | 204.47കോടി |
| ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ | 33.98കോടി |
| ഹോംകോ | 0.61കോടി |
| സംസ്ഥാന ഔഷധ സസ്യബോർഡ് | 0.6195 കോടി |

സെക്ഷൻ ഓഫീസർ